# സുവിശേഷീകരിക്കുകയും ശിഷ്യന്മാരാക്കുകയും ചെയ്യുക

സാക് പുന്നൻ

WFTW 23 ഒക്ടോബർ 2016

1 കൊരി. 3ൽ, നാം സുവിശേഷീകരണത്തെയും സഭ പണിയുന്നതിനെയും പറ്റി വായിക്കുന്നു. 'നിങ്ങളിൽ ചിലർ ഞാൻ പൗലൊസിൻറെ പക്ഷക്കാരനെന്നും, മറ്റ് ചിലർ ഞാൻ അപ്പൊല്ലോസിൻറെ പക്ഷക്കാരനെന്നും പറയുന്നു' (1 കൊരി 3:4). പൗലൊസ് പറയുന്നു ' എന്താണ് വ്യത്യാസം? ഞങ്ങൾ രണ്ട്പേരും ശുശ്രൂഷകന്മാരാണ്. ഞാൻ നടുകയും അപ്പൊല്ലോസ് നനയ്ക്കുകയും ചെയ്തു ' ( 1 കൊരി 3:6). പൗലൊസ് സുവിശേഷീകരണത്തിൻറെ പ്രവൃത്തി ചെയ്തു  അദ്ദേഹം നിലം കിളച്ച് വിത്ത് നട്ടു. വളരെ കാലത്തിന് ശേഷം അപ്പൊല്ലോസ് വന്ന് അതിന് വെള്ളം ഒഴിച്ചു. അവൻ നിലം കിളയ്ക്കുകയോ, ഏതെങ്കിലും വിത്ത് നടുകയോ ചെയ്തില്ല. വേറെ ആരെങ്കിലും അത് മുൻപെ തന്നെ ചെയ്തിട്ടുള്ളപ്പോൾ പിന്നെ അതിൻറെ ആവശ്യം എന്താണ്? അയാൾ വീണ്ടും ആ നിലം കിളച്ചിരുന്നെങ്കിൽ അവൻ ആ വിത്ത് നശിപ്പിച്ച് കളഞ്ഞേനെ! ഇപ്പോൾ ആ വിത്തിന് ആവശ്യം നനയ്ക്കലാണ്  അതുകൊണ്ട് അപ്പൊല്ലോസ് വിവേകപൂർവ്വം അതാണ് ചെയ്തത്. തങ്ങൾ നട്ടതിന് വേറെ ആരെങ്കിലും വന്ന് വെള്ളം ഒഴിച്ചാൽ ചില സുവിശേഷകന്മാർ പരിഭ്രാന്തരായിത്തീരുന്നു. അവർ പറയും, 'നിങ്ങൾ വേറെ ഏവിടെയെങ്കിലും പോയി നടാത്തത് എന്തുകൊണ്ടാണ്? നിങ്ങൾ എന്ത്കൊണ്ട് എൻറെ വയലിൽ വന്നു?' എന്നാൽ അത് നിങ്ങളുടെ വയൽ ആണോ അതോ കർത്താവിൻറെ വയൽ ആണോ? നിങ്ങൾ ദൈവത്തിൻറെ വേലയാണ് ചെയ്യുന്നതെങ്കിൽ, അപ്പോൾ അത് ദൈവത്തിൻറെ വയൽ ആണ് അതുകൊണ്ട് നിങ്ങൾ നട്ടതിനെ നനയ്ക്കുവാൻ അവിടുത്തേയ്ക്ക മറ്റൊരു വേലക്കാരനെ അയക്കാൻ കഴിയും. പൗലൊസ് അത് തിരിച്ചറിഞ്ഞു. അതുകൊണ്ട് അപ്പൊല്ലോസ് ചെയ്തുകൊണ്ടിരുന്ന കാര്യത്തിൽ അദ്ദേഹം സന്തുഷ്ടനായിരുന്നു. ഏത് വിധേനയും നിങ്ങൾ പണിയുന്നത് നിങ്ങളുടെ സ്വന്തം വയൽ ആണെങ്കിൽ, അത് ഒരു നാൾ ' മരവും, പുല്ലും, വൈക്കോലും' പോലെ കത്തിയെരിഞ്ഞ്പോകും (1 കൊരി 3:1215).

' ഇത് എൻറെ രക്ഷിക്കപ്പെട്ടവനാണ്' എന്ന് ആളുകൾ പറയുന്നു എന്നതാണ് ഇന്നത്തെ ഒട്ടേറെ സുവിശേഷീകരണത്തിൻറെയും ദു:ഖരമായ അവസ്ഥ. അതുകൊണ്ട് ദൈവത്തിൻറെ മുന്തിരിത്തോട്ടത്തിലെ വേലയിൽ ഇന്ന് ധാരാളം ഇരട്ടിക്കൽ ഉണ്ട്അതുകൊണ്ട് ഓരോ ക്രിസ്ത്യാനിയും ദൈവം അവനെ എന്ത് ചെയ്യാനാണോ വിളിച്ചിരിക്കുന്നത് അത് ചെയ്യുന്നതിന് പകരം, അനേകം ക്രിസ്ത്യാനികളും ഒരേ കാര്യം തന്നെ പലതവണ വീണ്ടും വീണ്ടും ചെയ്യുന്നു. പൗലൊസ് നടുന്നെങ്കിൽ, അപ്പൊല്ലോസ് അതുവഴി വന്ന് വീണ്ടും നടാതെ, അതിനെ നനയ്ക്കുന്നതല്ലേ നല്ലത്. അത് ബലഹീനമായ ഒരു ചെടിയെ തടിയുള്ള ഒരു മരമാക്കിത്തീർക്കും. ഒന്നാം നൂറ്റാണ്ടിൽ ആ തരത്തിലുള്ള ഒരു സഹകരണമാണ് അവർക്ക് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന്, നിർഭാഗ്യവശാൽ ക്രൈസ്തവഗോളത്തിൽ നാം കാണുന്നത് സഹകരണമല്ല, എന്നാൽ മത്സരമാണ്. അതുകൊണ്ട്, ഒരു പ്രവർത്തനവും 'നമ്മുടെത്' എന്നെണ്ണാതെ, മറ്റൊരു വ്യക്തിയുടെ വേല പകർത്തുന്നത് പഠിക്കാതിരിക്കാം, അതിന് പകരം സഹകരണത്തോടെ പ്രവർത്തിക്കാം.

കർത്താവ് നമുക്ക് തന്ന വലിയ നിയോഗം 'സുവിശേഷം അറിയിക്കുകയും' (മർക്കോസ് 16:5) അതിന് ശേഷം അവരെ 'ശിഷ്യന്മാരാക്കി, അവിടുന്ന് കല്പ്പിച്ചത് ഒക്കെയും ചെയ്യുവാൻ അവരെ പഠിപ്പിക്കുകയും ചെയ്യുക' എന്നാതാണ് ( മത്തായി 28:  1920). ഈ ഒരു ഉദാഹരണം നോക്കുക: നൂറ് പേർ ചേർന്ന് ഒരു തടി എടുത്തുകൊണ്ട് പോകുന്നത് നിങ്ങൾ കണ്ടാൽ, അതിൽ 99 പേർ ഒരറ്റത്തും ഒരാൾ മാത്രം മറ്റേ അറ്റത്തും പിടിച്ചിരിക്കുന്നു എന്ന് കാണുമ്പോൾ, അവരെ സഹായിക്കാൻ നിങ്ങൾ ഏത് അറ്റത്തേക്കായിരിക്കും പോകുക.? ഇന്ന് അനേക രാജ്യങ്ങളിലും,

99 ശതമാനം ക്രിസ്ത്രീയ പ്രവർത്തകരും സുവിശേഷീകരണത്തിൽ ഏർപ്പെട്ടിരിക്കുന്നു. 1 ശതമാനം പേർ ആളുകളെ മാനസാന്തരത്തിലേക്ക് നയിച്ച്, അവരെ ഒരു പ്രാദേശിക സഭയിലാക്കി പണിയുന്നു. അതുകൊണ്ടാണ് ഞാൻ തടിയുടെ ഈ 1 ശതമാന അറ്റത്തെ സഹായിക്കാൻ തീരുമാനിച്ചത്. തടിയുടെ മറ്റെ അറ്റത്തോട് ഞാൻ എതിരല്ല. അവരെയും ആവശ്യമുണ്ട്. എന്നാൽ ഇപ്പോൾ തന്നെ അവിടെ ധാരാളം പേരുണ്ട്.

പൗലൊസും അപ്പൊല്ലോസും ഒരുമിച്ച് പ്രവർത്തിച്ചു, അവരുടെ രക്ഷിക്കപ്പെട്ടവർ കർത്താവിന് വേണ്ടിയുള്ളവർ ആയിരുന്നു. തന്നെയുമല്ല അവരുടെ സഭകളും കർത്താവിന് വേണ്ടിയുള്ളതായിരുന്നു. പൗലൊസ് നടുകയും അപ്പൊല്ലോസ് നനയ്ക്കുകയും ചെയ്തു, എന്നാൽ അതിനെ വളരുമാറാക്കിയവൻ ദൈവമായിരുന്നു. അതുകൊണ്ട് സകല മഹത്വവും കർത്താവിന് ലഭിച്ചു. പൗലൊസ് തന്നെയും അപ്പല്ലോസിനെയും കുറിച്ച് പറയുന്നത്, ‘ ഞങ്ങൾ ആരുമല്ല. ഞങ്ങൾ ഏതുമല്ല‘ (1 കൊരി 3:7). അതുകൊണ്ടാണ് അവർക്ക് യോജിപ്പോടെ ഒരുമിച്ച് പ്രവർത്തിക്കുവാൻ കഴിഞ്ഞത്. ആരുമല്ലാത്ത രണ്ട്പേർക്ക് അനായാസേന ഒരുമിച്ച് പ്രവർത്തിക്കുവാൻ കഴിയും. അതിൽ ഒരാൾ താൻ ആരോ ആണെന്ന് ചിന്തിക്കുമ്പോഴാണ്, പ്രശ്നം ഉദിക്കുന്നത്.

എപ്പോഴെങ്കിലും നിങ്ങൾ ഒരു പ്രാദേശിക സഭ ഏതെങ്കിലും സ്ഥലത്ത് പണിയുന്നെങ്കിൽ, 40 വർഷങ്ങളായിട്ട് ഇന്ത്യയിലും മറ്റിടങ്ങളിലും കർത്താവ് സഭയെ നട്ടത് കണ്ടതിൽ നിന്ന് ഞാൻ നിങ്ങൾക്ക് ഒരു നിർദ്ദേശം നൽകട്ടെ: നിങ്ങൾ തന്നെ ഒരു ആരുമല്ലാത്തവനാകുക. എന്നിട്ട് നിങ്ങളുടെ രക്ഷിക്കപ്പെട്ടവരെയും 'ആരുമല്ലാത്തവർ' ആക്കുക. അപ്പോൾ നിങ്ങൾ അത്ഭുതകരമായ ഒരു സഭയെ പണിയും അവിടെ ഒരു മത്സരവും ഉണ്ടാകുക ഇല്ല, അവിടെ സഹകരണം ഉണ്ടായിരിക്കും. നേതാവ് മുതൽ താഴോട്ട് ഏറ്റവും പുതിയതായി രക്ഷിക്കപ്പെട്ട് വന്ന ആൾ വരെ, ഓരോരുത്തരും കേവലം ഒരു പൂജ്യമായിരിക്കുന്ന, ഒരു സഭ എവിടെ ഉണ്ടോ, ആ സഭ ലോകത്തിലെ ഏറ്റവും നല്ല സഭ ആയിരിക്കും. അവർ എല്ലാവരും പൂജ്യങ്ങളായിരിക്കാം, എന്നാൽ നിങ്ങൾ യേശുവിനെ അവർക്ക് മുമ്പിൽ വയ്ക്കുമ്പോൾ അവിടുന്ന് ഒരു ഒന്നായിരിക്കുന്നത് കൊണ്ട് 9 പേരുള്ള ഒരു സഭ പോലും ലക്ഷക്കണിക്കിന് ആളുകളുള്ള ഒരു സഭയുടെ വിലയുള്ളതായിത്തീരും 1000, 000, 000 !! അതുകൊണ്ട് നിങ്ങൾ ഒരിക്കലും ഒരു 'ആരെങ്കിലും' ആകുകയില്ല, എന്നാൽ എല്ലായ്പ്പോഴും, പൗലൊസും അപ്പൊല്ലോസും ആയിരുന്നത് പോലെ ഒരു 'ആരുമല്ലാത്തവൻ' ആയിരിക്കും എന്ന് തീരുമാനിക്കുക.